**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2249** **16-03-2022 - ൽ മറുപടിയ്ക്ക്**

**'രക്ഷക' പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ ജി സ്റ്റീഫൻ** | | **null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ശാരീരിക മാനസിക പീഡനങ്ങളിൽ നിന്നും വനിതകളെ രക്ഷിക്കാൻ പഞ്ചായത്തുതലത്തിൽ രക്ഷക എന്ന പേരിൽ പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | വനിതാ സഹായകേന്ദ്രം എന്ന പദ്ധതി പ്രാരംഭ ഘട്ടത്തിൽ 'രക്ഷക' എന്ന് നാമകരണം ചെയ്തുവെങ്കിലും, ആയത് മാറ്റി നിലവിൽ വനിതാസഹായ കേന്ദ്രം എന്ന പേരിലാണ് നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്ത് ശാരീരിക മാനസിക പീഡനങ്ങളിൽ നിന്നും വനിതകളെ സംരക്ഷിക്കുവാൻ പഞ്ചായത്ത് തലത്തിൽ ICDSസൂപ്പർവൈസർമാരുടെ നേതൃത്വത്തിലാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്. സ്ത്രീശാക്തീകരണ ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തെ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക്, ലിംഗ അസമത്വം, ഗാർഹിക പീഡനങ്ങൾ എന്നിവക്കെതിരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി, സംസ്ഥാനതലത്തിൽ പരിശീലനം ലഭിച്ച ജന്റർ റിസോഴ്സ് പെഴ്സൺ മുഖാന്തിരം Gender relations and Women Legislation എന്നീ വിഷയങ്ങളിൽ ഏകദിന ഓൺലൈൻ ട്രെയിനിംഗും, പൊതു ജനങ്ങളിൽ Gender - Awareness നടത്തി ലിംഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഡനങ്ങളെപ്പറ്റിയും, ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻ ബോധവൽക്കരണ ക്ലാസ്സ് ലഭ്യമാക്കിയിരുന്നു. ആയതിനെ തുടർന്ന് ശാരീരിക മാനസിക പീഡനങ്ങൾ മൂലം വിഷമതകൾ അനുഭവിക്കുന്ന സ്ത്രീകൾക്ക് എല്ലാ വെള്ളിയാഴ്ചയും 9.30 മണി മുതൽ 1 മണി വരെ, ഹിയറിംഗ് നടത്തി, ആവശ്യമുള്ള പക്ഷം നിയമ സഹായവും, പരിരക്ഷയും ലഭ്യമാക്കുവാനും, അവർക്ക് സൗജന്യ നിയമസഹായം, |

| | | | |
|---|---|---|---|
| | | | കൗൺസിലിംഗ്, വൈദ്യ സഹായം, പോലീസ് സഹായം എന്നിവ വേണ്ടതുണ്ടെങ്കിൽ, ആയത് ലഭ്യമാക്കുന്നതിനും, ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തി നടപടി സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിരുന്നു. ടി പദ്ധതിയ്ക്ക് വ്യാപക ബോധവൽക്കരണം ആവശ്യമാകയാൽ, ടി പദ്ധതി ഐ.സി.ഡി.എസ് സൂപ്പർവൈസർമാരുടെ നേതൃത്വത്തിൽ വനിതാ സഹായ കേന്ദ്രങ്ങളായി വിപുലീകരിച്ച് വൻ പ്രചാരണ പരിപാടികളോടെ നടപ്പിലാക്കുവാൻ വകുപ്പ് ലക്ഷ്യമിടുന്നു. |
| (ബി) | സൗജന്യ നിയമസഹായം, കൗൺസിലിംഗ്, പോലീസ്, വൈദ്യസഹായങ്ങൾ എന്നിവ പ്രസ്തുത പദ്ധതി വഴി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | സൗജന്യ നിയമസഹായം, കൗൺസിലിംഗ്, പോലീസ്, വൈദ്യ സഹായങ്ങൾ എന്നിവ വകുപ്പ് മുഖേന 'കാതോർത്ത് ഓൺലൈൻ പോർട്ടൽ' വഴിയാണ് നടപ്പിലാക്കുന്നത്. ടി സേവനങ്ങൾ ആവശ്യാനുസരണം സൂപ്പർവൈസർ മുമ്പാകെ എത്തുന്ന പരാതിക്കാരായ സ്ത്രീകൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി/ സഹായം സൂപ്പർവൈസർ മുഖാന്തിരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് ജനപ്രതിനിധികൾ, ജീവനക്കാർ എന്നിവരുടെ സഹകരണം ഉറപ്പാക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | വനിതാസഹായകേന്ദ്രങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ജനപ്രതിനിധികൾ, മറ്റ് വകുപ്പിലെ ജീവനക്കാർ എന്നിവരുടെ സഹകരണം ഉറപ്പ് വരുത്തുന്നതിന് എല്ലാ ഐ.സി.ഡി.എസ് ബ്ലോക്ക് തലത്തിൽ ടി വിഭാഗത്തിൽപ്പെടുന്ന ആൾക്കാർക്ക് സി.ഡി.പി.ഒ മുഖാന്തിരം പരിശീലന പരിപാടി നടത്തുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. വനിതാ സഹായ കേന്ദ്രങ്ങൾ മുഖേന അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്ക് പരാതിപ്പെടാനുള്ള സഹായം ഉറപ്പ് വരുത്തുകയും, വനിതാ ശിശു വികസന വകുപ്പിന്റെ വിവിധ പദ്ധതികൾ, സേവനങ്ങൾ എന്നിവ ലഭ്യമാക്കി പരാതിയ്ക്ക് പരിഹാരം തേടാനുള്ള വഴി സുഗമമാക്കുകയും, ഡൗറി പ്രൊഹിബിഷൻ ഓഫീസർ, ശൈശവ വിവാഹ നിരോധന ഓഫീസർ, CWC, JJB, ജാഗ്രതാ സമിതി, വനിതാ സംരക്ഷണ ഓഫീസ്, കാതോർത്ത്, രക്ഷാദൂത്, വാട്ട്സാപ്പ് ഹെൽപ്പ് ലൈൻ 9400080292, 181 മിത്ര ഹെൽപ്പ് ലൈൻ, വൺസ്റ്റോപ്പ് സെന്റർ, District legal services Authority, Service Providing Centres, Family Counselling Centres എന്നിവയെപ്പറ്റിയും, വകുപ്പിന്റെ വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ചും സേവനങ്ങളെക്കുറിച്ചും നിയമങ്ങളെക്കുറിച്ചുമുള്ള അവബോധം അതിക്രമങ്ങൾക്ക് വിധേയരാകുന്ന |

| | | | |
|---|---|---|---|
| | | | സ്ത്രീകൾക്കും കുട്ടികൾക്കും ലഭ്യമാകുന്നതാണ്. അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകളുടേയും കുട്ടികളുടേയും പരാതികൾ ആദ്യം ശ്രദ്ധയിൽപ്പെടുന്നത് ജനപ്രതിനിധികൾക്കും, പഞ്ചായത്ത്/ബ്ലോക്ക് ലെവൽ ഉദ്യോഗസ്ഥർക്കുമാകയാൽ, ടിയാളുകൾക്ക് പ്രസ്തുത വിഷയങ്ങളിൽ ബോധവൽക്കരണം നൽകുന്നതിലൂടെ, പരാതിക്കാർക്ക് ശരിയായ മാർഗ്ഗ നിർദ്ദേശം നൽകുവാനും, ടി വിഷയം ഐ.സി.ഡി.എസ് സൂപ്പർവൈസർമാരുടെ ശ്രദ്ധയിൽപ്പെടുത്തുവാനും കഴിയുന്നതാണ്. ആയതിനാൽ ടി പദ്ധതിയുടെ പ്രാരംഭ നടപടിയായി എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപന അംഗങ്ങൾക്കും പഞ്ചായത്ത്/ബ്ലോക്ക് ലെവൽ ഉദ്യോഗസ്ഥർക്കും, സ്ത്രീകൾക്കും കുട്ടികൾക്കും ലഭ്യമാകുന്ന എല്ലാ തരം സേവനങ്ങളും സംബന്ധിച്ച് ഏകദിന സെമിനാർ സംഘടിപ്പിക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നു. ആയതിന് മുന്നോടിയായി എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ, സേവനങ്ങൾ, നിയമങ്ങൾ എന്നിവയെപ്പറ്റി ഒരു ഏകദിന ട്രെയിനിംഗ് നടത്തുവാനുള്ള അടിയന്തിര നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ